പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4156

03/02/2014-ൽ
മറുപടിയ്ക്കു്

**ശബരിമലയിലെ തീർത്ഥാടകർക്കുള്ള സൗകര്യം**

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് ശബരിമലയുമായി ബന്ധപ്പെട്ടുള്ള കേന്ദ്രങ്ങളിൽ വിവിധ സംസ്ഥാനങ്ങൾക്ക് എത്ര വീതം സ്ഥലം എവിടെയെല്ലാം നൽകിയിട്ടുണ്ട്; | എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് നിലയ്ക്കൽ ഇടത്താവളത്തിൽ മാത്രം കർണ്ണാടക സർക്കാരിന് 4.5 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥലങ്ങൾക്കായി ഏതെല്ലാം ഗവൺമെന്റുകൾ അപേക്ഷകൾ നൽകിയിരുന്നുവെന്ന് അറിയിക്കുമോ; | ബി) നിലയ്ക്കലിൽ ഭവനുകൾ നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് കർണ്ണാടക, ആന്ധ്രാ പ്രദേശ്, തമിഴ്നാട് എന്നീ സർക്കാരുകളുടെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| സി) ഇങ്ങനെ സ്ഥലം ന ൽകു ന്നതിനു പകരമായി പ്രസ്തുത സംസ്ഥാനങ്ങളിലോ തീർത്ഥാടന കേന്ദ്രങ്ങളിലോ വിനോദ സഞ്ചാര കേന്ദ്രങ്ങളിലോ തിരുവിതാംകൂർ ദേവസ്വം ബോർഡിനോ കേരളത്തിനോ പ്രത്യേകമായി സ്ഥലം നൽകണമെന്ന് ആവശ്യ പ്പെട്ടിട്ടു ണ്ടോ; | സി) ഇല്ല. |
| ഡി) അന്യസംസ്ഥാന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുവാൻ അവരുടെ ഗവൺമെന്റുകൾക്ക് സ്ഥലം നൽകുന്നതിനു പകരം ദേവസ്വം ബോർഡിനോ കേരള സർക്കാരിനോ നേരിട്ട് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് വരുമാനം ഉയർത്തുവാനും നല്ല സേവനം ലഭ്യമാക്കുവാനും കഴിയുകയില്ലേ എന്നറിയിക്കുമോ? | ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് ഭാഷാപരമായും മറ്റും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇതിനൊരു ശാശ്വതപരിഹാരമെന്ന നിലയിലാണ് അതാത് സർക്കാരുകളുടെ ദേവസ്വം വകുപ്പിന്റെ നേതൃത്വത്തിൽ അവരുടെ അപേക്ഷ പ്രകാരം ഇൻഫർമേഷൻ സെന്റർ ഉൾപ്പെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതി |

ലേക്കാണ് സ്ഥലം അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽതന്നെ നിക്ഷിപ്തമാണ്. "പെർമിസീവ് യൂസിനാണ്" നൽകിയിട്ടുള്ളത്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന തീർത്ഥാടകർക്ക് ശബരിമലയിൽ മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ